പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1793 11-02-2013- ൽ മറുപടിയ്ക്ക്

## പൊതു ശ്മശാനങ്ങളുടെ നിർമ്മാണം

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | ഉത്തരം<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | പൊതുശ്മശാനങ്ങളുടെ നിർമ്മാണത്തിന് അനുവദിക്കുന്ന തുക എത്രയാണ്; | (എ) | 2012-13 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് പൊതുശ്മശാന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി 5 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിനും 10 ലക്ഷം രൂപ വീതം 50 ഗ്രാമപഞ്ചായത്തുകൾക്കാണ് ധനസഹായം അനുവദിക്കുന്നത്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട് അംഗീകാരം ലഭിച്ചാൽ മാത്രമേ പ്രസ്തുത തുക അനുവദിക്കുകയുള്ളുവെന്ന് വ്യവസ്ഥയുണ്ടോ; | (ബി) | ഇല്ല. ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിലുൾപ്പെട്ട് അംഗീകാരം ലഭിച്ച ഗ്രാമപഞ്ചായത്തുകൾക്ക് പൊതുശ്മശാന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് മുൻഗണന നൽകുന്നുണ്ട്. |
| (സി) | പൊതു ശ്മശാനങ്ങളുടെ നിർമ്മാണത്തിന് സർക്കാർ അംഗീകരിച്ച സ്വകാര്യ ഏജൻസികൾ ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | നിലവിലില്ല. |
| (ഡി) | സർക്കാർ അംഗീകൃത സ്വകാര്യ ഏജൻസികൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് സഹായം ലഭ്യമാക്കുമോ ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ